## 14 -ാം കേരള നിയമസഭ

## 22 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2317** **21-01-2021 - ൽ മറുപടിയ്ക്ക്**

## കല്ല്യാശ്ശേരി മണ്ഡലത്തിലെ കിഫ്‌ബിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ റ്റി . വി. രാജേഷ് | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | കല്ല്യാശ്ശേരി മണ്ഡലത്തിലെ കിഫ്‌ബിയിൽ ഉൾപ്പെടുത്തിയ പഴയങ്ങാടിപ്പാലം, കാവിൻ മുനമ്പ്പാലം, കല്ല്യാശ്ശേരി - പയ്യന്നൂർ മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന മൂലക്കീൽ കടവ്പാലം എന്നീ പാലങ്ങളുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് ധനകാര്യ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുള്ളത് അടുത്ത കിഫ്‌ബി യോഗത്തിൽ തന്നെ ഉൾപ്പെടുത്തി ഈ സർക്കാരിന്റെ കാലത്തുതന്നെ പ്രവൃത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (എ) | പഴയങ്ങാടിപ്പാലം നിർമ്മാണ പദ്ധതിയുടെ സാങ്കേതിക അവലോകന റിപ്പോർട്ട് ന്യൂനതകൾ പരിഹരിക്കുന്നതിനായി 18.11.2020 തീയതിയിൽ SPV- ആയ Kerala Road Fund Board (KRFB) -യ്ക്ക് സമർപ്പിച്ചിരിക്കുകയാണ്. ആയത് ലഭിക്കുന്ന മുറയ്ക്ക് പദ്ധതി അംഗീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. കാവിൻ മുനമ്പ്പാലം നിർമ്മാണപദ്ധതിയുടെ പ്രൊജക്റ്റ് റിപ്പോർട്ട് നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ KIIFB യിൽ ലഭ്യമാക്കാത്തതിനാൽ ടി പദ്ധതിയുടെ പുതുക്കിയ ഭരണാനുമതി സഹിതം പ്രോജക്റ്റ്റിപ്പോർട്ട് ലഭ്യമാക്കുവാൻ SPV- ആയ Kerala Road Fund Board (KRFB) -യ്ക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്. ആയത് ലഭിക്കുന്ന മുറയ്ക്ക് പദ്ധതി അംഗീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. മൂലക്കീൽ കടവ്പാലം നിർമ്മാണപദ്ധതിയുടെ സാങ്കേതിക അവലോകന റിപ്പോർട്ട് (TAR), സൈറ്റ് വിസിറ്റ് റിപ്പോർട്ട് എന്നിവ മറുപടി റിപ്പോർട്ടിനായി 19.10.2020 തീയതിയിൽ SPV- ആയ Kerala Road Fund Board (KRFB) -ന് സമർപ്പിച്ചിരിക്കുകയാണ്. ആയത് ലഭിക്കുന്ന മുറയ്ക്ക് പദ്ധതി അംഗീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ